പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

## എ.പി.എൽ -ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിന് അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4 — 06.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ബി. സത്യൻ<br>,, എസ്. ശർമ്മ<br>,, ബി.ഡി.ദേവസ്സി<br>,, കെ.കെ. നാരായണൻ | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | എ.പി.എൽ, ബി.പി.എൽ പട്ടിക തയ്യാറാക്കുന്നതിന് അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പട്ടികയെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള നിലവിലുള്ള സംവിധാനം എന്താണ്; | (എ) | ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനും അപേക്ഷകളും പരാതികളും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള മാനദണ്ഡം 14.01.2011 ലെ സർക്കാർ ഉത്തരവ് (കൈ)നം.16/2011/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിരുന്നു. (അനുബന്ധം I ആയി ചേർത്തിരിക്കുന്നു) അദ്ധ്യാപകരെ ഉപയോഗിച്ചാണ് സർവ്വെ നടത്തിയിരുന്നത്. പ്രസിദ്ധീകരിച്ച ബി.പി.എൽ ലിസ്റ്റിൻമേൽ പൊതുജനങ്ങൾക്ക് ആക്ഷേപങ്ങളും പരാതികളും സമർപ്പിക്കാൻ അവസരം നൽകിയിരുന്നു.. പരാതികൾ/ ആക്ഷേപങ്ങൾ അദ്ധ്യാപകരെ ഉപയോഗിച്ച് പുനഃപരിശോധിക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവായെങ്കിലും മേൽ തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞില്ല.<br>തുടർന്ന് 21-12-2011 -ലെ സ.ഉ.(സാധാ)നം. 3050/2011/തസ്വഭവ ഉത്തരവ് പ്രകാരം ടി പരാതികൾ/ ആക്ഷേപങ്ങൾ അന്വേഷിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സ് എന്യൂമറേറ്റർമാരെ ചുമതലപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലഭിച്ച പരാതികളിൽ 40% ത്തോളം വാർഡ് നമ്പരും, വീട് നമ്പരും ഇല്ലാത്തതായതിനാൽ ഇത്തരം പരാതികൾ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേറ്റർമാരെ കൊണ്ട് പുനഃപരിശോധിപ്പിക്കുന്നത് <u>സാമൂഹിക ജാതി സെൻസസ്</u> വളരെ വൈകുവാൻ ഇടയാക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ 2009 ബി.പി.എൽ ലിസ്റ്റിൻമേൽ ലഭിച്ച പരാതികൾ <u>എസ്.ഇ.സി.സി</u> എന്യൂമറേറ്റർമാരെ ഉപയോഗിച്ച് ഇപ്പോൾ പരിശോധിക്കേണ്ടതില്ലെന്നും ആവശ്യമെങ്കിൽ ഇക്കാര്യം എസ്.ഇ.സി.സി എന്യൂമറേഷനു ശേഷം അന്വേഷിപ്പിക്കാവുന്നതാണെന്നും 27-04-2012 -ലെ സ.ഉ.(സാധാ) നം. 1205/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് എന്യൂമറേഷൻ പൂർത്തിയായെങ്കിലും ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ പല ജില്ലകളിലും ജില്ലാകളക്ടർമാർ മുൻകൈയ്യെടുത്ത് ബിപിഎൽ അർഹത സംബന്ധിച്ച പരാതികൾ പരിശോധിച്ച് അർഹരായവർക്ക് ബിപിഎൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത സംവിധാനത്തിൽ ധാരാളം പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതായി മനസ്സിലാക്കുന്നു. വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത സംവിധാനം ഫലപ്രദമാണെങ്കിൽ ആയതു സംബന്ധിച്ച പരാതികൾ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഉന്നയിക്കപ്പെടുവാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; മുഖ്യമന്ത്രിയുടെ വിവേചനാധികാരം വിനി | (സി) | എ.പി.എൽ.-ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച് ധാരാളം പരാതികൾ ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭ്യമായിട്ടുണ്ട്. ആയതിൽ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്താൻ അർഹരാണെന്ന് |

| | | | |
|---|---|---|---|
| | യോഗിച്ചത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവോ; എങ്കിൽ എന്തായിരുന്നു; | | മുഖ്യമന്ത്രി നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകൾ അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നിലവിലുള്ള മാനദണ്ഡങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട്, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, എയ്ഡ്സ്/ക്യാൻസർ രോഗികൾ, ഡയാലിസിസിനു വിധേയരാകുന്നവർ പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്ത ശയ്യാവലംബികൾ, വിധവകൾ എന്നീ വിഭാഗങ്ങളെ കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിന് തീർപ്പുകൽപ്പിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ഡി) | ബി.പി.എൽ. പട്ടിക (2009 ബി.പി.എൽ. സർവ്വേ) പ്രസിദ്ധീകരിച്ച സമയത്ത് 886840 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-3 ആയി ഇതോടൊപ്പം ചേർക്കുന്നു. തുടർന്ന് ജനസമ്പർക്ക പരിപാടികളിലും, പുനർനിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ധാരാളം പരാതികൾ ജില്ലകളിൽ ലഭിച്ചിട്ടുണ്ട്. |
| (ഇ) | എ.പി.എൽ. കാർഡ് ബി.പി.എൽ -ലേക്ക് മാറ്റി കിട്ടുന്നതിന് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നൽകിയവരിൽ എത്ര പേർ നിലവിലുള്ള സംവിധാനം മുഖേന അപേക്ഷ നൽകിയിരുന്നവരായിരുന്നു; അവരുടെ അപേക്ഷ നിരസിക്കാനുള്ള കാരണം നിയമാനുസൃതമായിരുന്നോ; എങ്കിൽ നിയമവിരുദ്ധമായി അപേക്ഷ നിരസിച്ച എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നു; | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |
| (എഫ്) | ചട്ടങ്ങളിലെ തടസ്സം കൊണ്ടാണ് ഉദ്യോഗസ്ഥർ അപേക്ഷകൾ നിരസിച്ചിരുന്നതെങ്കിൽ, ചട്ടങ്ങൾ പൊതുവായി മാറ്റി ഉദ്യോഗസ്ഥർക്കു തന്നെ തീരുമാനം എടുക്കാൻ കഴിയുന്ന സ്ഥിതി | (എഫ്) | പിരിവ് എ യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

| | | | |
|---|---|---|---|
| | ഉളവാക്കാതെ അപേക്ഷകരെയെല്ലാം ജനസമ്പർക്ക പരിപാടിയിലേയ്ക്ക് വിളിച്ചുവരുത്തിയ സാഹചര്യം എന്താണ് എന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്